**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **02-08-2021 - ൽ മറുപടിയ്ക്ക്**

**വി. എച്ച്. എസ്. ഇ. വകുപ്പിലെ ക്വാട്ട സംവരണ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വി. എച്ച്. എസ്. ഇ. വകുപ്പിൽ 1997 മുതൽ സ്പെഷൽ റൂൾസ് നിലവിൽവരുന്നതുവരെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പത്ത് ശതമാനം ക്വാട്ട സംവരണം ചെയ്ത് നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചു; അറിയിക്കുമോ; | (എ) | 9(a)(i) പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും 68 പേർക്ക് അദ്ധ്യാപകരായി നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ പി.എസ്.സി. എലിജിബിലിറ്റി ടെസ്റ്റ് പാസ്സായി തുടർനിയമനം ലഭിച്ചവർക്ക് കെ. എസ്. ആർ. പാർട്ട് വൺ റൂൾ 37 ഗവൺമെന്റ് ഡിക്ലറേഷൻ ഒൻപത് പ്രകാരം ശമ്പളം നൽകിയിട്ടുണ്ടോ; | (ബി) | 17 അദ്ധ്യാപകർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 7 അദ്ധ്യാപകർക്ക് ശമ്പളം പുനർ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 8 അദ്ധ്യാപകരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഉണ്ടെങ്കിൽ എത്രപേർക്കാണ് നൽകിയിട്ടുള്ളത്; ഇനി എത്ര പേർക്കാണ് നൽകാനുള്ളത്; | (സി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ 7 അദ്ധ്യാപകർക്ക് ശമ്പളം പുനർ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 8 അദ്ധ്യാപകരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 2 അദ്ധ്യാപകർക്ക് നൽകിയിട്ടില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി ഉത്തരവ് വരുന്നതിന് അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ശമ്പളം നൽകുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് നീക്കി അവർക്ക് ശമ്പളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ 7 അദ്ധ്യാപകർക്ക് ശമ്പളം പുനർ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 8 അദ്ധ്യാപകരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 2 അദ്ധ്യാപകർക്ക് നൽകിയിട്ടില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി ഉത്തരവ് വരുന്നതിന് അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ